പ്രമുഖ ക്രിമിനോളജിസ്റ്റ് **ഡോ. ജെയിംസ് വടക്കുഞ്ചേരി** സംസാരിക്കുന്നു.
തയാറാക്കിയത്: **ടി.വി മുഹമ്മദലി**

# കേരളം ക്രിമിനലുകളുടെ പറുദീസ

■ *രാഷ്ട്രീയ-ഭരണ രംഗങ്ങളിൽ കോഴയും അഴിമതിയും ശക്തിപ്പെട്ടുവരുന്നു. ഇതെങ്ങനെ തടയാനാകും?*

◆ നമ്മുടെ രാജ്യത്തെ സിസ്റ്റം പരാജയമാണ്. നിലവിലെ വ്യവസ്ഥയിൽ അഴിമതി വമ്പന്മാരെ ഒന്നും ചെയ്യാനാവില്ല. 1860-ൽ എഴുതിയ പീനൽ കോഡും 1872-ൽ എഴുതിയ എവിഡൻസ് ആക്ടുമാണ് നമുക്കുള്ളത്. ഇതുവെച്ച് ഇന്നത്തെ സൈബർ യുഗത്തിൽ, ജനാധിപത്യ വ്യവസ്ഥയിൽ നീതി നടപ്പാക്കാം എന്ന് കരുതുന്നത് വലിയ തമാശയാണ്.

■ *നിലവിലെ വ്യവസ്ഥയിൽ തന്നെ സർക്കാർ ഏജൻസികൾ ശക്തമാണെങ്കിൽ കോഴയും അഴിമതിയും തടയാനാവില്ലേ?*

◆ കുറ്റകൃത്യങ്ങൾ തടയേണ്ട പ്രധാന ഏജൻസി പോലീസാണ്. പോലീസിന് കൊച്ചു പരൽമീനുകളെ പിടിക്കാൻ കഴിയുമെന്നല്ലാതെ കൊമ്പൻസ്രാവുകളെ തൊടാൻ പറ്റില്ല. പോലീസിന്റെ പ്രവർത്തനമേഖല ഗ്രാസ് ഈറ്റർ ക്രൈമിൽ ഒതുങ്ങിയിരിക്കുന്നു. കോഴിക്കള്ളൻ, ആട്കള്ളൻ, മാല പിടിച്ചുപറി, പെറ്റിക്കേസ് എന്നീ മേഖലകളിൽ നടപടിയെടുക്കാമെന്നല്ലാതെ മീറ്റ് ഈറ്റർ ക്രൈമിനെ അവർക്ക് നേരിടാനാവില്ല.

■ *സിസ്റ്റവും ഏജൻസിയും ദുർബലമാണെങ്കിൽ പിന്നെ എന്തുണ്ട് മാർഗം?*

◆ ഒരു മാർഗമേയുള്ളൂ. മാധ്യമങ്ങൾ അഴിമതികൾ വെളിച്ചത്ത് കൊണ്ടുവരിക. ജനങ്ങൾ അഴിമതിക്കാർക്കെതിരെ വിധിയെഴുതുക. അങ്ങനെ മാധ്യമങ്ങൾ പ്രവർത്തിക്കുമ്പോഴാണ് മാധ്യമ സിൻഡിക്കേറ്റെന്നും മറ്റുമുള്ള ആരോപണങ്ങളുയരുന്നത്. മാധ്യമങ്ങൾക്കും ജനങ്ങൾക്കും മാത്രമേ എന്തെങ്കിലും ചെയ്യാൻ കഴിയൂ. ഒരു സർക്കാർ ഏജൻസിക്കും മീറ്റ് ഈറ്റർ ക്രൈമിനെ തൊടാൻ പറ്റില്ല.

■ *സിസ്റ്റം ഫെയിലാണെന്ന് താങ്കൾ പറഞ്ഞു.*

◆ സിസ്റ്റം ഫെയില്യറിന്റെ ഉദാഹരണമാണ് മൊഴിമാറ്റം. ഇതോടെ ക്രിമിനൽ കേസുകളെല്ലാം മാറിമറിയുകയാണ്. പ്രോസിക്യൂട്ടറും പോലീസും സംശയത്തിന്റെ മുൾമുനയിൽ നിൽക്കുന്നു. സാക്ഷികൾ കൂറുമാറുന്നു. ന്യായാധിപന്മാരെപ്പറ്റി വിമർശനമുയരുന്നു. ഇങ്ങനെ സിസ്റ്റം തകരാറിലാണെങ്കിൽ പിന്നെ എന്ത് ചെയ്യാനൊക്കും?

മനുഷ്യാവകാശ കമീഷൻ പറയുന്നത് നാൽപതിനായിരം കോടി രൂപയുടെ സെക്സ് ഇൻഡസ്ട്രി ഇന്ത്യയിൽ നടക്കുന്നുവെന്നാണ്. പണ്ട് പറഞ്ഞിരുന്നത് സെക്സ് പ്രോസ്റ്റിറ്റ്യൂഷൻ എന്നായിരുന്നു. ഇന്നിപ്പോൾ സെക്സ് ഇൻഡസ്ട്രിയായി. വേശ്യാവൃത്തിയെന്നത് സെക്സ് വർക്കായി. അതിൽ ബ്ലൂ ഫിലിംസ്, സൈബർ സെക്സ്, റിസോർട്ട് സെക്സ് എന്നിവയൊക്കെയു

ണ്ട്. റിസോർട്ടിലൊക്കെ പെണ്ണും കള്ളുമല്ലേ? നമ്മുടെ പോലീസുകാർ തിരുവനന്തപുരത്ത് ഓടിനടന്ന് തെരുവു വേശ്യകളെ പിടിക്കും. എന്നാൽ, റിസോർട്ടുകളിലും മസാജ് കേന്ദ്രങ്ങളിലും പോലീസിന് കയറിച്ചെല്ലാൻ പറ്റുമോ?

മനുഷ്യാവകാശ കമീഷന്റെ പഠന റിപ്പോർട്ടിൽ പറയുന്നത് നേപ്പാൾ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽനിന്നെല്ലാം പെൺകുട്ടികൾ ഇന്ത്യയിലെ സെക്സ് ഇൻഡസ്ട്രിയിലേക്ക് വന്നുകൊണ്ടിരിക്കുന്നുവെന്നാണ്, അങ്ങനെ 20 ലക്ഷം പെൺകുട്ടികൾക്ക് നേരിട്ടും 60 ലക്ഷം പേർക്ക് അല്ലാതെയും ഇവിടത്തെ സെക്സ് ഇൻഡസ്ട്രിയിൽ ജോലിയുണ്ടെന്നാണ്. ഈ ഇൻഡസ്ട്രിയെ പിടികൂടാൻ ഒരു എസ്.ഐയോ എ.എസ്.ഐയോ വിചാരിച്ചാൽ നടക്കുമോ? 1860-ൽ നിയമങ്ങളെഴുതുമ്പോൾ ഇത്തരം കാര്യങ്ങളൊന്നുമില്ല ഇവിടെ. അന്ന് പരസ്പരബന്ധിത കുറ്റകൃത്യങ്ങളില്ല. പരസ്പര സമ്മതത്തോടെയുള്ള കുറ്റകൃത്യങ്ങളായിരുന്നു. അന്ന് സെക്സ് ഇൻഡസ്ട്രിയില്ല, തടികടത്തില്ല, മാഫിയ ഇല്ല, ഓർഗനൈസ്ഡ് ക്രൈമില്ല. പഴയ ആക്ട് വെച്ച് പുത്തൻ കാര്യങ്ങളെ കൈകാര്യം ചെയ്യണമെന്ന് പറയുമ്പോൾ ഇവിടെ മൊഴിമാറ്റം തുടങ്ങി പലതും നടക്കും. ഇതൊക്കെ കൈകാര്യം ചെയ്യണമെങ്കിൽ പുതിയ സിസ്റ്റം വേണം. ആയിരം കുറ്റവാളികൾ വെറുതെ പൊയ്ക്കൊള്ളട്ടെ, ഒരു നിരപരാധി ശിക്ഷിക്കപ്പെടരുത് എന്ന തത്ത്വത്തിലാണ് നമ്മൾ പ്രവർത്തിക്കുന്നത്. ഒരു നിരപരാധിയെ രക്ഷിക്കാൻ വേണ്ടി ആയിരം കുറ്റവാളികളെ വെറുതെ വിടുന്ന സിസ്റ്റം! ഈ സിസ്റ്റം ശരിയല്ല. ആയിരം കുറ്റവാളികൾ വെറുതെ പോകരുത്, ഒരു നിരപരാധിയും ശിക്ഷിക്കപ്പെടരുത് - ഇതായിരിക്കണം സമീപനം. നിലവിലെ നിയമത്തിൽ ഇത്തരത്തിലുള്ള കുറ്റവാളികളൊക്കെ രക്ഷപ്പെടും. റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ കേരളത്തിൽ ആറു ശതമാനമേ ശിക്ഷിക്കപ്പെടുന്നുള്ളൂ. പലതും കള്ളക്കേസുകളായി മാറുന്നു. കള്ളക്കേസുണ്ടാക്കിയവർക്ക് ഇന്നത്തെ നിയമത്തിൽ ശിക്ഷയില്ല. ന്യൂസിലാന്റിലും കനഡയിലുമൊക്കെ കള്ളക്കേസുണ്ടാക്കിയവർ നഷ്ടപരിഹാരം നൽകണം. അവർ സിസ്റ്റം പരിഷ്കരിച്ചു. രണ്ടു മൂന്നാളുകളുടെ പേരു പറഞ്ഞിട്ട് പിന്നെ കണ്ടാലറിയാവുന്ന ആയിരം ആളുകളുടെ പേരിൽ കേസെടുക്കുകയാണ് നാം. തോന്നുന്നവർക്കെതിരെ കേസെടുക്കാനുള്ള ഒരു വകുപ്പാണിത്. സിസ്റ്റം മാറ്റണമെങ്കിൽ പഠിക്കാൻ കമീഷനെ വെക്കണം. അതിന് ആർക്കും താൽപര്യമില്ല.

■ *ഇപ്പോൾ നമ്മുടെ നാട്ടിൽ ശക്തിപ്പെട്ട രാഷ്ട്രീയ മാഫിയയെപ്പറ്റി?*

◆ മാഫിയ എന്ന പദം ഇതുപോലുള്ള കുറ്റകൃത്യങ്ങൾക്ക് ഉപയോഗിക്കുന്നത് ശരിയല്ല. മാഫിയ എന്നുപറയുന്നത് ഓർഗനൈസ്ഡ് ക്രൈമിനാണ്. മാഫിയ തുടങ്ങിയത് നല്ല കാര്യങ്ങൾക്കായിരുന്നു. ഇറ്റലിയിലെ സിസിലിയിൽ ഫ്രഞ്ച് പട്ടാളക്കാർ അതിക്രമങ്ങൾ കാട്ടുകയും പെൺകുട്ടികളെ പീഡിപ്പിക്കുകയും ചെയ്തപ്പോൾ, പീഡിതരുടെ സംരക്ഷണാർഥം ഉണ്ടായതാണ് മാഫിയ. 1712-ലാണത് രൂപം കൊണ്ടത്. പിന്നീടത് ശക്തിപ്രാപിച്ചു. പട്ടാളക്കാർ ഒരു പെൺകുട്ടിയെ പീഡിപ്പിച്ചപ്പോൾ, സ്ത്രീകൾ റോഡിലിറങ്ങി മൈ ഡോട്ടർ, മൈ ഡോട്ടർ എന്ന അർഥത്തിൽ മാ ഫിയാ, മാ ഫിയാ എന്നു വിലപിച്ചു. ഇതുകേട്ട കുറേ ചെറുപ്പക്കാർ സംഘടിച്ചു. സ്ത്രീകളെ സംരക്ഷിക്കാനായിരുന്നു അത്. ഈ സംരക്ഷണ സേനക്ക് പിന്നീട് ശക്തി കൈവന്നപ്പോൾ ഇവരെ ഉപയോഗിച്ച് പലരും തങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ തുടങ്ങി. ക്രമേണ ഈ സംരക്ഷണസേന ഗുണ്ടാ സംഘമായി മാറി. ഓർഗനൈസ്ഡ് ക്രൈമായി മാറി. സ്പിരിറ്റ് കള്ളക്കടത്തുകാരും മറ്റുമാണ് ഇവരെ കൂടുതൽ ഉപയോഗിച്ചുവന്നത്. അമേരിക്കയിൽ സ്പിരിറ്റ് നിരോധമുണ്ടായിരുന്നപ്പോൾ, കുടിയേറിപ്പാർത്ത ഇറ്റലിയിലെ സിസിലിക്കാരെ ഉപയോഗിച്ചാണ് സ്പിരിറ്റ് കള്ളക്കടത്ത് നടത്തിയിരുന്നത്. ഇപ്പോൾ ഓർഗനൈസ്ഡ് ക്രൈമിനെ മാഫിയ എന്നു വിളിക്കുന്നു. ഓർഗനൈസ്ഡ് ക്രൈമിന് ഒരു ബോസുണ്ടാകും. ബോസ് അപ്രത്യക്ഷനായിരിക്കും. അവരുടെ നെറ്റ്‌വർക്കായിരിക്കും പ്രത്യക്ഷപ്പെടുക. ബോസിന് അണ്ടർ ബോസുണ്ടാകും. കുറേ ഏജൻസികളുമുണ്ടാകും; ആർമി സ്ട്രെക്ച്ചർ പോലെ. നമ്മുടെ കടകളിൽനിന്ന് സി.ഡി 25 രൂപക്ക് കിട്ടുന്നു. ഉപയോഗം കഴിഞ്ഞു തിരിച്ചുകൊടുത്താൽ 15 രൂപ മടക്കിത്തന്നേക്കും. ഈ സി.ഡി എവിടെ നിർമിക്കുന്നുവെന്ന് വിൽക്കുന്നവന്നും വാങ്ങുന്നവന്നും അറിയില്ല. ദൽഹിയിലോ വിദേശത്തോ ആവാം. നെറ്റ്‌വർക്കിലൂടെ വരുന്നു. ഇത് ഓർഗനൈസ്ഡ് ക്രൈമാണ്. ഇതിനെയാണ് മാഫിയ എന്നു പറയുന്നത്. നമ്മുടെ നാട്ടിൽ നടക്കുന്നത് ഓർഗനൈസ്ഡ് ക്രൈമല്ല. നെക്സസ് (പരസ്പര ബന്ധിത) ക്രൈമാണ്. അതിന് നേതാവ്, ബ്യൂറോക്രാറ്റ്, ദല്ലാൾ, ഗുണ്ട എന്നീ ഘടകങ്ങളുണ്ട്. ഈ ഘടനയോടെ പ്രവർത്തിക്കുന്ന ക്രൈം ജീവിതത്തിന്റെ എല്ലാ മേഖലകളിലും കാണാം. ഉദാഹരണം, ഭൂമിക്ക് വ്യാജ പട്ടയം ഉണ്ടാക്കിക്കൊടുക്കുന്നത് ബ്യൂറോക്രാറ്റുകളാണ്. നേതാക്കളും ദല്ലാളന്മാരും ഗുണ്ടകളുമൊക്കെ ഘടകങ്ങളായി വർത്തിക്കുന്നു. ഇവരെയൊക്കെ കണ്ടുപിടിക്കാനുള്ള ഇൻവെസ്റ്റിഗേഷൻ ടീമിനെ മരവിപ്പിച്ചു എന്നു പറയുന്നു. ഈ മരവിപ്പിക്കലും നെക്സസ് ക്രൈമിന്റെ ഭാഗമാണ്. മാഫിയ എന്ന പദം പലരും അർഥം പോലുമറിയാതെ ഉപയോഗിക്കുന്നു. തങ്ങൾക്കിഷ്ടമില്ലാത്തതോ എതിരോ ആയ കാര്യങ്ങൾ എഴുതുന്നു എന്നതുകൊണ്ട് മാധ്യമങ്ങളെ സിൻഡിക്കേറ്റ് മാഫിയ എന്നൊക്കെ പറയുന്നു. സെക്സ് ട്രാൻസാംഗ്ഷനും അതിന്റെ വ്യാപ്തിയും വലുതാണ്. സെക്സ് ക്രൈം കേരളത്തിൽ എങ്ങും വ്യാപിച്ചു. സ്പിരിറ്റ് മേഖല അതിശക്തമാണ്. 2000 കോടിയുടെ സ്പിരിറ്റ് കള്ളക്കടത്ത് നടത്തുമ്പോൾ 500 കോടി ബ്യൂറോക്രസിക്കും 500 കോടി ദല്ലാളുമാർക്കും 500 കോടി ഗുണ്ടകൾക്കും പങ്കുവെക്കപ്പെടുന്നു. 500 കോടിയാണ് വ്യവസായത്തിലേക്ക് പോകുന്നത്. പണമിരട്ടിപ്പുകാരിൽനിന്നും ലോട്ടറി രാജാക്കന്മാരിൽനിന്നും പണം വാങ്ങുന്നത് നെക്സസ് ക്രൈമാണ്.

■ *ഗുണ്ടാ ആക്ടിന്റെ പ്രയോജനം?*

◆ ഗുണ്ടാ പ്രവർത്തനം നിർത്താൻ കഴിയില്ല. ഗുണ്ടാ പ്രവർത്തനങ്ങളുടെ സോഴ്സെല്ലാം കിടക്കുന്നത് പവർഫുൾ നെക്സസിലാണ്. ഗുണ്ടാ ആക്ടിൽ പിടിക്കപ്പെടുന്നവർ ആരാ? കൊച്ചു മത്സ്യങ്ങളെ പിടിക്കുന്നു. കൊമ്പൻ സ്രാവുകൾ വിലസുകയല്ലേ? കേരളത്തിൽ 22-32 പേർ പിടിക്കപ്പെട്ടെന്ന് പറയുന്നു. ഇവരുടെ സോഴ്സുകൾ പൊളിറ്റിക്കൽ പവറിലാണ്. വമ്പൻ ഗുണ്ടകൾ അദൃശ്യരായിരിക്കും. അവരെ തൊടാനൊക്കില്ല. അറസ്റ്റ് പ്രഖ്യാപനം കൊണ്ട് കണ്ണടച്ചിരുട്ടാക്കുന്നു എന്നല്ലാതെ നെക്സസ് ക്രൈമിനെ ഒന്നും ചെയ്യാൻ കഴിയില്ല.

■ *മൂന്നാറിലെ ഭൂമി കൈയേറ്റത്തെയും ഒഴിപ്പിക്കലിനെയും പറ്റി ഉയർന്ന വിവാദം?*

◆ ഭൂമികൈയേറ്റം നെക്സസ് ക്രൈമാണ്. അതിൽ നേതാക്കൾ, ബ്യൂറോക്രാറ്റുകൾ, ദല്ലാളുമാർ, ഗുണ്ടകൾ എന്നിവർ പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ ഇതിൽനിന്ന് വിഭിന്നമാണ് കൈയേറ്റഭൂമി തിരിച്ചുപിടിക്കുമ്പോൾ പാർട്ടി ഓഫീസ് തൊടരുതെന്ന് പറഞ്ഞ് രംഗത്തുവരുന്നവർ. അവർ പാർട്ടി ഓഫീസ് എന്ന പുകമറ സൃഷ്ടിച്ച് കൈയേറ്റക്കാരായ പലരെയും സംരക്ഷിക്കുകയാണ്. ഒരു ഓഫീസ് പോയാൽ പാർട്ടിക്ക് എന്ത് സംഭവിക്കാനാണ്? അനധികൃത ഭൂമിയിലാണെങ്കിൽ ആദ്യം ഞങ്ങളുടെ ഓഫീസ് പൊളിക്കൂ എന്നല്ലേ രാഷ്ട്രീയക്കാർ പറയേണ്ടത്?

ഞാൻ പറഞ്ഞില്ലേ, മാധ്യമങ്ങളാണ് അഴിമതിയും കുറ്റകൃത്യങ്ങളും വെളിച്ചത്ത് കൊണ്ടുവരേണ്ടതെന്ന്. എന്നാൽ ഇപ്പോൾ

നമ്മുടെ ടി.വി ചാനലുകളിൽ നടക്കുന്നത് ചർച്ചാ തൊഴിലാളികളുടെ സ്ഥിരം പരിപാടിയാണ്. ഒരു ചാനലിൽ വന്നവൻ തന്നെ അടുത്ത ചാനലിലും പ്രത്യക്ഷപ്പെടുന്നു. കോൺഗ്രസ് പാർട്ടിയുടെ ആളുകളായി വരുന്നതും ഒരേ കഥാപാത്രങ്ങൾ. മാർക്സിസ്റ്റ് പാർട്ടിയുടെ കഥയും അങ്ങനെത്തന്നെ. ഈ മേഖലയിലൊന്നും വേറെ ആരുമില്ലെന്ന് തോന്നും. പ്രഹസനമല്ലേ ഇതൊക്കെ! ഹിമാലയ, എവറസ്റ്റ്, കണിച്ചുകുളങ്ങര സംഭവം എന്നിവയുടെ പിന്നിൽ ധാരാളം ദുഃഖിതരും പീഡിതരുമില്ലേ? അവരെപ്പറ്റി ആരും ചർച്ചചെയ്യുന്നില്ല. കണിച്ചുകുളങ്ങര വാഹനമിടിച്ച് ശംസുദ്ദീൻ കൊല്ലപ്പെടുമ്പോൾ ഭാര്യ ഗർഭിണിയായിരുന്നു. ആ കുട്ടിക്കിപ്പോൾ ഒന്നര വയസ്സായി. അതിനും മൂത്ത രണ്ട് കുട്ടികളുണ്ട്. ഈ കുട്ടികളെപ്പറ്റി, അവരുടെയും മാതാവിന്റെയും ജീവിതത്തെപ്പറ്റി ആരെങ്കിലും ചർച്ചചെയ്യുന്നുണ്ടോ? വീടുണ്ടാക്കാനും മക്കളെ കെട്ടിക്കാനുമൊക്കെ ഹിമാലയയിലും എവറസ്റ്റിലും പണം നിക്ഷേപിച്ചവരുടെ സ്ഥിതിയെപ്പറ്റി ചർച്ചയുണ്ടോ? വല്ല നടപടിയുമുണ്ടോ?

വാഹനങ്ങൾ ഇന്ന് കുറ്റകൃത്യങ്ങളുടെ അവിഭാജ്യഘടകമാണ്. കള്ളക്കടത്ത്, കരിഞ്ചന്ത, കുഴൽ-ഹവാല പണമിടപാട്, ഗുണ്ടകളുടെ സഞ്ചാരം, സ്പിരിറ്റ് കടത്ത്, തടിക്കടത്ത് തുടങ്ങി മാലപൊട്ടിക്കലിന് വരെ വാഹനങ്ങൾ ഉപയോഗിക്കുന്നു. ആസൂത്രിത കുറ്റകൃത്യങ്ങളിൽ വാഹനങ്ങളുടെ പങ്കിനെപ്പറ്റി ആരെങ്കിലും ചർച്ച ചെയ്യാറുണ്ടോ? നെക്സസ് ക്രൈമിൽ മനുഷ്യരേക്കാൾ പങ്ക് വാഹനങ്ങൾക്കാണിപ്പോൾ. നമ്മുടെ പത്രങ്ങളിൽ കാണാറില്ലേ അജ്ഞാത ജഡങ്ങൾ. ഇവ ആസൂത്രിത കൊലപാതകങ്ങളാവില്ലേ? വയനാട്ടിലുള്ളവന്റെ ജഡമല്ലേ തിരുവനന്തപുരത്ത് അജ്ഞാതമായി കാണുന്നത്? ഇതിൽ വാഹനങ്ങളുടെ പങ്ക് വലുതല്ലേ? ആണ്ടിൽ 600-ൽ പരം അജ്ഞാത ജഡങ്ങൾ കണ്ടെത്തുന്നുണ്ട് കേരളത്തിൽ. കൊലപാതകങ്ങൾ 450 ആണുതാനും.

നെക്സസ് ക്രൈമിനെ നേരിടാൻ മാധ്യമങ്ങൾക്കേ കഴിയൂ. പോലീസ് ശക്തമാവണമെന്ന് പറയാൻ കഴിയും. ശക്തമാവാൻ പോലീസിന് കഴിയില്ല. നെക്സസ് ക്രൈമുകൾക്ക് മുന്നിൽ പോലീസ് പകച്ചുനിൽക്കുന്നത് നാം കാണാറില്ലേ? പോലീസിനെന്നല്ല ഒരു ഗവൺമെന്റ് ഏജൻസിക്കും അതിന് കഴിയില്ല. മാധ്യമങ്ങളുടെ വെളിപ്പെടുത്തലുകളും ജനങ്ങളുടെ തിരിച്ചറിവുമാണ് നെക്സസ് ക്രൈമുകൾക്കെതിരായ പ്രധാന ആയുധം. ■